

# ഹരിതകർമ്മസേനകൾക്കായി മഹിളാ സമൃദ്ധി യോജന വായ്പാ പദ്ധതിക്ക് തുടക്കം

കേരളത്തിലെ മാലിന്യ സംസ്ക്കരണ മേഖലയിൽ പ്രധാന മാറ്റത്തിന് നേതൃത്വം കൊടുക്കുന്നവരാണ് ഹരിതകർമ്മസേനകൾ. നിലവിൽ 882 തദ്ദേശ സ്ഥാപനങ്ങളിൽ ഏകദേശം മുപ്പതോളം ഹരിതകർമ്മസേനാംഗങ്ങൾ സംരംഭ മാതൃകയിൽ അജൈവ മാലിന്യസംസ്ക്കരണ രംഗത്ത് പ്രവർത്തിച്ചുവരുന്നു. 27,049 കുടുംബശ്രീ അംഗങ്ങളാണ് ഹരിതകർമ്മസേനയിൽ പ്രവർത്തിക്കുന്നത്. സംരംഭ മാതൃകയിലാണ് കുടുംബശ്രീയിലുള്ള ഹരിതകർമ്മസേനകളുടെ പ്രവർത്തനം.

കുടുംബശ്രീയുമായി സഹകരിച്ച് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ഹരിതകർമ്മസേനകൾക്ക് വേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണ് മഹിളാ സമൃദ്ധി യോജന. കേന്ദ്ര സോഷ്യൽ ജസ്റ്റിസ് ആൻഡ് എംപവർമെന്റ് മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്ന കോർപ്പറേഷനാണ് ദേശീയ സഫായ് കരംചാരി ധനകാര്യ വികസന കോർപ്പറേഷൻ (നാഷണൽ സഫായ് കരംചാരീസ് ഫിനാൻസ് ആൻഡ് ഡെവലപ്പ്മെന്റ്- എൻ.എസ്.കെ.എഫ്.ഡി.സി). ഈ കോർപ്പറേഷന്റെ സംസ്ഥാന ചാനലൈസിങ് ഏജൻസിയായ വനിതാ വികസന കോർപ്പറേഷൻ ശുചീകരണ തൊഴിലാളികളുടെയും അവരുടെ ആശ്രിതരുടെയും സാമൂഹ്യ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി വിവിധ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. മഹിളാ സമൃദ്ധി യോജന എന്ന വായ്പാ പദ്ധതിയും ഇത്തരത്തിലൊന്നാണ്. പദ്ധതി അനുസരിച്ച് 3% പലിശ നിരക്കിൽ ഒരു സി.ഡി.എസിന് പരമാവധി 50 ലക്ഷം രൂപ വായ്പയായി ലഭിക്കുന്നു. സി.ഡി.എസ്, ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ ഗ്രൂപ്പുകൾക്ക് 4% പലിശ നിരക്കിൽ ഒരു ഗ്രൂപ്പിന് 6 ലക്ഷം രൂപ വായ്പയായി ലഭ്യമാക്കും. ഒരു അംഗത്തിന് 60,000 രൂപ വരെയാണ് ലഭിക്കുന്നത്. മൂന്ന് വർഷമാണ് തിരിച്ചടവ് കാലാവധി. മൂന്ന് മാസത്തെ മൊറട്ടോറിയം ലഭിക്കും.

ഇന്ന് ഉച്ചയ്ക്ക് 12 മണിക്ക് ഈ വായ്പാ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ, സാമൂഹിക നീതി, വനിതാ ശിശുവികസന വകുപ്പ് മന്ത്രി ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ നിർവ്വഹിച്ചു. കോഴിക്കോട് ജില്ലയിലെ വടകര ഈസ്റ്റ്, വടകര വെസ്റ്റ് സിഡിഎസുകൾ 9 ലക്ഷം രൂപ വീതവും ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ സിഡിഎസ് 23.4 ലക്ഷം രൂപയും തിരുവനന്തപുരം കോർപ്പറേഷൻ സിഡിഎസ് - IV 50 ലക്ഷം രൂപയും വായ്പയായി നേടി. ഈ വർഷം 100ഓളം ഹരിതകർമ്മസേനകൾക്ക് ഈ വായ്പ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. വായ്പ നേടാൻ താത്പര്യമുള്ളവർ അതാത് കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസുമായോ വനിതാ വികസന കോർപ്പറേഷനുമായോ ബന്ധപ്പെടാം.